**CENTRAL BOARD OF SECONDARY EDUCATION MARCH - 2018**
**SAMPLE QUESTION PAPER FOR AISSE 2018**
**(മാതൃകാ ചോദ്യപേപ്പർ – 2017 – 18)**

| | | | |
|---|---|---|---|
| **STD** | **: X** | **MALAYALAM** | |
| **Time allowed** | **: 3Hrs.** | **(മലയാളം)** | **Maximum Mark : 80** |
| **അനുവദിച്ച സമയം** | **: 3 മണിക്കൂർ** | Code : 012 | **ആകെ മാർക്ക് : 80** |

The question paper is divided into four sections:

| | | | | |
|---|---|---|---|---|
| Section A | : | Reading Comprehension | : | 10 Marks |
| Section B | : | Writing | : | 16 Marks |
| Section C | : | Grammar | : | 17 Marks |
| Section D | : | Literature | : | 37 Marks |

## എ – വിഭാഗം/ Section - A

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രാചീനമായ സംസ്കാരങ്ങൾ നശിച്ചുപോയിട്ടുണ്ട്. എന്നാൽ ഭാരതീയ സംസ്കാരത്തിന് അതുപോലെ ഒരു പതനം സംഭവിച്ചിട്ടില്ല. അത് ഉയർത്തിപ്പിടിച്ച അനശ്വരമൂല്യങ്ങൾക്ക് സാർവ്വത്രി കമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്താണതിനു കാരണം? അതിന്റെ പ്രാചീനതയും ഏകീഭാവവും നൈരന്തര്യവും സാർവ്വത്രികതയും ശ്രദ്ധേയം തന്നെ. ഭാരതീയ സംസ്കാരത്തിന്റെ വൈവിധ്യവും സമ്പന്നതയും സുപ്രധാന ങ്ങളാണ്. അതേ വൈവിധ്യവും സമ്പന്നതയും കേരളസംസ്കാരത്തിനുമുണ്ട്. അതുകൊണ്ടാണ് യുഗപ്പകർച്ചകളിലൂടെ അതിനു നിലനിൽക്കാനൊത്തത്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മനുഷ്യചേതനയ്ക്കുണ്ടായിട്ടുള്ള മഹത്തായ നേട്ടങ്ങളുടെ ആകെ തുകയാണ് സംസ്കാരം. മതം, തത്ത്വചിന്ത, ഭാഷ, സാഹിത്യം, കല, ശില്പവിദ്യ, വിദ്യാഭ്യാസം, സാമ്പത്തികവും സാമൂഹികവുമായ സംവിധാനക്രമങ്ങൾ എന്നിങ്ങനെയുള്ള ഭിന്നമേഖലകളിലെല്ലാം ഒരു ജനത കൈവരിച്ചിട്ടുള്ള കൂട്ടായ നേട്ടങ്ങളുടെ അന്തസ്സാരത്തെയാണ് സംസ്കാരം പ്രതിനിധാനം ചെയ്യുന്നത്. ഈ അളവുകോലു വച്ചുനോക്കുമ്പോൾ കേരളത്തിന്റെ സംസ്കാരം സമുന്നതമാണെന്നു കാണാൻ പ്രയാസമില്ല. ചരിത്രത്തിന്റെ വിഭിന്നഘട്ടങ്ങളിലെല്ലാം കേരളത്തിന്റെ പ്രതിഭ ഊർജ്ജസ്വലമായി പ്രവർത്തിച്ചിട്ടുണ്ട്. തത്ഫലമായി കേരളീയരുടെ പ്രയത്നങ്ങൾക്കെല്ലാം മികവുറ്റ ഫലങ്ങൾ ഉണ്ടായിട്ടുണ്ട്.

**ചോദ്യങ്ങൾ**

1. ഭാരതീയ സംസ്കാരത്തിന് പതനം സംഭവിക്കാത്തതിന് കാരണമെന്ത്? (2)
2. സംസ്കാരം പ്രതിനിധാനം ചെയ്യുന്നത് എന്തിനെയെല്ലാമാണ്? (2)
3. കേരള സംസ്കാരത്തിന് യുഗപ്പകർച്ചകളിലൂടെ നിലനിൽക്കാനായത് എന്തു കൊണ്ട് ? (2)
4. കേരളീയരുടെ പ്രയത്നങ്ങൾക്കെല്ലാം മികവുറ്റ ഫലങ്ങൾ ഉണ്ടായത് എന്തുകൊണ്ട്? (2)
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക (2)

## ബി – വിഭാഗം / Section - B

2.

a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക (8)

1. മാതൃഭാഷ – ജീവത്ഭാഷ
2. യുദ്ധം – മാനവരാശി നേരിടുന്ന മഹാവിപത്ത്
3. സാമൂഹ്യമാധ്യമങ്ങളും വിദ്യാർത്ഥികളും

b) ''സുരക്ഷിത ജീവിതം പൗരന്റെ ജന്മാവകാശം'' – ഈ മുദ്രാവാക്യം പ്രാവർത്തികമാക്കാൻ സർക്കാരിന്റെ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആഭ്യന്തരമന്ത്രിയ്ക്ക് ഒരു കത്ത് തയ്യാറാക്കുക (8)

## സി – വിഭാഗം / Section - C

3.

a) പ്രയോഗം മാറ്റുക

1. അർജ്ജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ സത്വരം പ്രതി സംഹരിച്ചു.
2. മണ്ണു മൂടുന്നതിനു മുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പനാൽ ഒരു നോക്കു കാണപ്പെട്ടു. (2 x 1 = 2)

b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. (2 x 1 = 2)

1. ഹോമധൂപം മാവിന്റെ ഉയരത്തിൽ ചെല്ലുമ്പോൾ മാവ് പ്രീതിയോടെ മാങ്ങ പൊഴിച്ചു തരും
2. എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും.

**c) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** **(2 x 1 = 2)**

1. കരിമ്പന
2. വില്ലേന്തി

**d) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **(2 x 1 = 2)**

1. ഗജാശ്വങ്ങൾ
2. കാലാഹി

**e) പര്യായപദങ്ങൾ** **(2 x 1 = 2)**

1. നാവ്
2. ഉപ്പ്

**f) നാനാർത്ഥപദങ്ങൾ എഴുതുക** **(2 x 1 = 2)**

1. രസം
2. മുദ്ര

**g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 x 1 = 2)**

1. തന്റെ മാതാവിന്റെ വാക്കുകൾ അനുസ്മരിച്ച് പശ്ചാത്തപിക്കുകയായിരിക്കും എന്നു കരുതി ഞാനൂഹിച്ചു.
2. ഇന്നു ഞാൻ സർവ്വ പാഞ്ചാലരെയും വാസുദേവൻ കാണെ തന്നെ വധിച്ച് കാലന്നൂർ പൂകിക്കും.

**4. ബ്രാക്കറ്റിൽ നിന്നു ശരിയായ ഉത്തരമെടുത്തെഴുതുക**

**a) വിപരീതപദമെഴുതുക** **(2 x ½ = 1)**

1. ഭക്തി (അഭക്തി, സഭക്തി, വിഭക്തി, വിരക്തി)
2. വിദേശം (പരദേശം, ദേശം, ആദേശം, സ്വദേശം)

**b) അർത്ഥവ്യത്യാസമെഴുതുക.** **(2 x ½ = 1)**

1. ശാഖ – ശാഖി (ശിഖ, മരം, കാട്, കൊമ്പ്)
2. വൃഥാ – വ്യഥ (വീഥി, ദുഃഖം, വെറുതെ, വാനം)

**c) എതിർലിംഗം എഴുതുക** **(2 x ½ = 1)**

1. ഭവാൻ (ഭഗവാൻ, ഭവതി, ഭഗവതി, ഭാനുമതി)
2. സഖാവ് (സഖി, സുഖി, സുഖിതാവ്, സവിധാവ്)

## ഡി – വിഭാഗം / Section D

**5. (i) ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** **(5 x ½ = 2 ½)**

a) മോക്ഷാർത്ഥി ചെയ്യേണ്ടത് എന്ത്?

(ധനം നേടണം, കോപം അടക്കണം, വിദ്യ നേടണം, കലാകാരൻ ആകണം)

b) 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' ആരുടെ വാക്കുകളാണിത് ?

(ദിവാകരന്റെ, നളിനിയുടെ, കവിയുടെ, ലീലയുടെ)

c) 'അമ്മത്തൊട്ടിൽ' എന്ന കൃതിയുടെ കർത്താവാര്?

(ഒ.എൻ.വി, വയലാർ, റഫീക്ക് അഹമ്മദ്, വള്ളത്തോൾ)

d) മലയാളഭാഷയുടെ മഹത്ത്വം കുടികൊള്ളുന്ന കവിതയേത്?

(സാന്ദ്രസൗഹൃദം, അമ്മയുടെ എഴുത്തുകൾ, വീണപൂവ്, ഉമാകേരളം)

e) മാനവപുരോഗതിയുടെ ചിത്രം വ്യക്തമാക്കുന്ന കവിതയേത്?

(അമ്മത്തൊട്ടിൽ, പ്രിയദർശനം, അശ്വമേധം, അമ്മയുടെ എഴുത്തുകൾ)

**5. (ii)** **(5 x ½ = 2 ½)**

a) അവർ കണ്ണീരിൽ കലർത്തി പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി ആരെ?

(മകനെ, എസ്.കെ. പൊറ്റക്കാടിനെ, എം.ടിയെ, ഒ. വി. വിജയനെ)

b) 'ചവറുകൾക്ക് പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്ന് തോന്നി' ആരുടെ ?

(ശരൺകുമാർ ലിംബാളെ, ശാന്ത ആത്യ, കുമാർമാമ, ദാദ)

c) കൊച്ചുചക്കരച്ചി ആരുടെ കൃതിയാണ്?

(വൈക്കം മുഹമ്മദ് ബഷീർ, എ.പി. ഉദയഭാനു, വൈലോപ്പിള്ളി, എം. മുകുന്ദൻ)

d) 'അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെ പോലെ കഴുത്തിൽ ചുറ്റിമുറുകി' ആരുടെ?

(കഥാകൃത്തിന്റെ, വെള്ളായിയപ്പന്റെ, കണ്ടുണ്ണിയുടെ, പാറാവുകാരന്റെ)

e) അശ്വത്ഥാമാവ് ചവുട്ടികൊന്നതാരെ ?

(ഭീമനെ, സഹദേവനെ, ധൃഷ്ടദ്യുമ്നനെ, ദുശ്ശാസനനെ)

**6. (i) ഉത്തരം എഴുതുക** **(3 x 4 = 12)**

1. ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറയുന്നത് ?

2. ‘ദ്വിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ–
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ’
“മാനവപുരോഗതിയുടെ ചിത്രമാണ് അശ്വമേധം” എന്ന പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ ?

3. ‘പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും’ ദിവാകരൻ ഇങ്ങനെ പറഞ്ഞതിന്റെ പൊരുൾ എന്താവാം ?

**6. (ii)** **(3 x 4 = 12)**

1. അർത്ഥപൂർണ്ണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ പൂർണ്ണമാക്കുന്നത്. വിശദീകരിക്കുക?
2. എസ്. കെ. പൊറ്റെക്കാട് കഥാകാരനായതെങ്ങനെ?
3. മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തി വയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്ന് പറയുന്നതെന്തുകൊണ്ട് ?

**7. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(2 x 4 = 8)**

1. ചട്ടമ്പിസ്വാമികളുടെ ജീവിതസന്ദേശം എന്തായിരുന്നു ?
2. കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികൾ വഹിച്ച പങ്കിനെപ്പറ്റി വിശദീകരിക്കുക ?
3. വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പിസ്വാമികളെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?

*************************